**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 672** **24-08-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി നിലവിൽ വരുമ്പോൾ വൈദ്യുതി വിതരണം സ്വകാര്യ കമ്പനികൾക്ക് നൽകുന്നത് മൂലം സാധാരണ ഉപഭോക്താക്കൾക്ക് ഉണ്ടാകാവുന്ന പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (എ) | ഒന്നിലധികം വിതരണ കമ്പനികൾക്ക് (ഡിസ്കോമുകൾ) ഒരേ വിതരണ മേഖലയിൽ പ്രവർത്തിക്കാൻ വ്യവസ്ഥ ചെയ്യുന്നതിനോടൊപ്പം മാതൃനിയമത്തിൽ പറയുന്നതിൽ നിന്നു വ്യത്യസ്തമായി ശൃംഖലാ വികസനത്തിന്റെയും ആയതിന്റെ പരിപാലനത്തിന്റെയും ഉത്തരവാദിത്തത്തിൽ നിന്നും വിതരണ കമ്പനികളെ വിടുതൽ ചെയ്യും വിധമാണ് പുതിയ നിർദ്ദേശം. എല്ലാ ഡിസ്കോമുകൾക്കും (Discoms) തങ്ങളുടെ പ്രദേശത്ത് പ്രവർത്തിക്കുന്ന മറ്റ് ഏതൊരു ഡിസ്കോമിന്റെയും വിതരണശൃംഖല കേവലം ഉപയോക്തൃ-ചെലവ് (Wheeling Charge) മാത്രം നൽകി ഉപയോഗിക്കാനുള്ള അവകാശം നൽകുന്നു. വൈദ്യുതി വിതരണത്തിൽ മുഖ്യമായ പണച്ചെലവുള്ളത് ശൃംഖലാ വികസനത്തിനും പരിപാലനത്തിനും ആണ് എന്നിരിക്കെ ഈ ഉത്തരവാദിത്തത്തിൽ നിന്നും വിതരണ കമ്പനികളെ ഒഴിവാക്കുന്നത്, മൂലധന നിക്ഷേപവും ഉത്തരവാദിത്തവും ഇല്ലാതെ ആർക്കും കടന്നു വരാവുന്ന ഒരു മേഖലയാക്കി വൈദ്യുതി വിതരണരംഗത്തെ മാറ്റുവാൻ സാധ്യതയുണ്ട്.<br><br>ഭേദഗതി നിർദ്ദേശത്തിൽ ശൃംഖലാവികസനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല ആർക്ക് എന്നത് വ്യക്തമല്ല. സ്വാഭാവികമായും വൻ മൂലധന നിക്ഷേപം ആവശ്യമുള്ളതും, എന്നാൽ വർഷങ്ങൾക്ക് ശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ളതുമായ പദ്ധതികളിൽ മുതൽമുടക്കാൻ നിക്ഷേപകർ തയ്യാറാകണമെന്നില്ല. എല്ലാ വിതരണ കമ്പനികൾക്കും ഉത്തരവാദിത്തം എന്നത് ആർക്കും ഉത്തരവാദിത്തം ഇല്ലാത്ത സ്ഥിതി സംജാതമാകാൻ |

| | | | |
|---|---|---|---|
| | | | സാധ്യതയുണ്ട്. ഇത് ഭാവിയിൽ വിതരണനഷ്ടം കൂട്ടുന്നതിനും വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവ് മൂലം ഉണ്ടാകുന്ന ലോഡ്ഷെഡിംഗ് എന്നിവയ്ക്കും ഇടയാക്കിയേക്കാം.<br><br>വിതരണ രംഗം ലാഭകരമായ നഗരപ്രദേശങ്ങളിൽ മാത്രമായി പ്രവർത്തനം കേന്ദ്രീകരിക്കാനും അവിടെത്തന്നെ ഉയർന്ന വൈദ്യുതി നിരക്ക് നൽകുന്ന ലാഭകരമായ ഉപഭോക്താക്കളെ അടർത്തിയെടുക്കുന്നതിനും സ്വകാര്യ കമ്പനികൾ ശ്രമിക്കാനിടയുണ്ട്. ഗ്രാമപ്രദേശങ്ങളിലും നഗരങ്ങളിലെ ധനശേഷി കുറഞ്ഞ സാധാരണക്കാർക്കും വൈദ്യുതി നൽകുന്നത് പൊതുമേഖലയുടെ ബാധ്യത ആകും. ലാഭസാധ്യത സ്വകാര്യ സ്ഥാപനങ്ങൾക്കും നഷ്ടസാധ്യത പൊതുമേഖലയ്ക്കും എന്ന അവസ്ഥ പൊതുമേഖലയുടെ തകർച്ചയിലേക്കും ക്രമേണ സാധാരണക്കാരന് വൈദ്യുതി നിഷേധിക്കപ്പെടുന്നതിലേക്കും നയിക്കും. വർഷങ്ങളുടെ പ്രയത്നം മൂലം കേരളം കൈവരിച്ച സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങിയ നേട്ടങ്ങൾ നഷ്ടപ്പെടാം. വനാന്തരങ്ങളിലും മറ്റ് വിദൂര പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതാകും എന്നും ആശങ്കപ്പെടുന്നു. |
| (ബി) | സ്വകാര്യ സംരംഭകർ നഗര മേഖലകളിൽ കേന്ദ്രീകരിക്കപ്പെടുന്നതോടെ പൊതുമേഖലാ ബോർഡുകൾ ഗ്രാമീണ മേഖലകളിലുൾപ്പെടെയുള്ളവർക്ക് നൽകുന്ന ക്രോസ് സബ്സിഡിയെ ഇത് ബാധിച്ചേക്കുമെന്ന ആശങ്ക സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്.<br><br>വൈദ്യുതി നിയമ ഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും |

| | | | |
|---|---|---|---|
| | | | വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |
| (സി) | പുതിയ കണക്ഷനുകൾ ആര് നൽകുമെന്നതും പുതിയ വൈദ്യുതി വിതരണ ശൃംഖല ആര് നിർമ്മിക്കുമെന്നതും സംബന്ധിച്ച് പുതിയ ബില്ലിൽ വ്യക്തത ഇല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്.<br><br>വൈദ്യുതി നിയമ ഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |
| (ഡി) | സംസ്ഥാനത്തിന് ദോഷകരമായി മാറുന്ന ഭേദഗതികൾ ഒഴിവാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>വൈദ്യുതി നിയമ ഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യ കാരണ സഹിതം 15.03.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗിക കത്ത് പ്രകാരം സംസ്ഥാന സർക്കാർ രേഖാമൂലം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള സംസ്ഥാനത്തിന്റെ ആശങ്കകളും പ്രശ്നങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും സംസ്ഥാന നിയമസഭ 05.08.2021-ന് ഒരു പ്രമേയത്തിലൂടെ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്ക് ദോഷകരമാകാൻ സാധ്യതയുള്ള ഭേദഗതി നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന് അവ ഒഴിവാക്കുന്നതിനായുള്ള നടപടികൾ കേരളസർക്കാർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ